9

# യേശു: ക്രൂശീകരണംഒരു അനുബന്ധ പഠനം

ക്രൂശിന്റെ വിഷയം ഒരിക്കലും ഉപയോഗിച്ചു തീരുന്നില്ല. യേശുവിന്റെ കഷ്ടതയെയും ക്രൂശിലെ മരണത്തെയും കുറിച്ചുള്ള സംഭവങ്ങളെ നിങ്ങൾക്കു കൂടുതൽ മനസ്സിലാക്കുവാൻ സഹായിക്കുന്നവയാണ് താഴെ കൊടുത്തിരിക്കുന്ന വാക്കുകളും പഠനവും പ്രസംഗ സഹായികളും.

### ക്രൂശിന്റെ ആശയങ്ങൾ

**ഗോൽഗോഥാ**

യെരുശലേം മതിലിനു പുറത്തുള്ള അരാമ്യവാക്കായ *ഗോൽഗോഥ* എന്നു വിളിക്കുന്ന ഈ സ്ഥലത്താണ് യേശുവിനെ ക്രൂശിൽ തറച്ചത് (മത്തായി 27:33), അർത്ഥം "തലയോടിടം" എന്നാണ്. *ഗലാൽ,* എന്ന എബ്രായ വാക്കിൽ നിന്നു പിരിഞ്ഞു വന്ന അരാമ്യവാക്കിന്റെ അർത്ഥം "*റോൾ*" എന്നാണ്; കാരണം തലയോടിന്റെ ആകൃതിയാണ് മത്തായി, മർക്കൊസ്, യോഹന്നാൻ എന്നിവർ *ഗോൽഗോഥാ* തർജ്ജിമ ചെയ്ത "തലയോടിടം" എന്നതു, ക്തനിയോൻ എന്നാണ് (ഇംഗ്ലീഷ് വാക്കായ "*ക്റേനിയം*" എന്നതു ചിന്തിക്കുക). "സ്ക്കൾ" എന്നതിന്റെ ലാറ്റിൻ വാക്ക് *കൽവാരിയ,* എന്നാണ്. ലാറ്റിൻ വൾഗേറ്റ് വെർഷനിൽ ജെരോം ഉപയോഗിച്ചിരിക്കുന്നത് ജെരോമിന്റെ ലാറ്റിൻ ബൈബിളിന്റെ സ്വാധീനമാണ്, കിങ്ങ് ജെയിംസ് വെർഷന്റെ ലൂക്കൊസ് 23:33 ലേക്ക്, ലൂക്കൊസിന്റെ ഗ്രീക്ക് വാക്ക് *ക്റേനിയൻ* തർജ്ജിമ ചെയ്യുന്നതിനു പകരം വെറുതെ ലാറ്റിൻ വാക്ക് ഇംഗ്ലീഷിലാക്കി "കാൽവരി" എന്നാക്കി.

ധാരാളം തലയോടുകൾ അവിടെ കിടന്നതുകൊണ്ടാണ് ആ സ്ഥലത്തിനു തലയോടിടം എന്നു പേരുണ്ടായതു എന്നാണ് ജെറോം പറഞ്ഞത് "ആ സ്ഥലത്തിന്റെ ആകൃതി തലയോടുപോലെ ആയതു കൊണ്ടാണ് ... ആ പേരുണ്ടായതു"[1] എന്നാണ് തേയർ പറഞ്ഞത്. യേശു വിശ്വസിക്കുന്നു, ഇന്നു അതിനെ "ഗോർഡൻസ് കാൽവരി" എന്നു വിളിക്കുന്നു, അവിടെയാണ് യേശുവിനെ ക്രൂശിൽ തറച്ചത്.

**ഗ്രഹണം**

മത്തായി 27:45 പറയുന്നു, “ആറാം മണി മുതൽ ഒമ്പതാം മണിവരെ ദേശത്തു എല്ലാം ഇരുട്ടുണ്ടായി.” യെഹൂദന്മാരുടെ പെസഹാ സമയത്താ യിരുന്നു യേശു മരിച്ചത് (മത്തായി 26:2), പൂർണ്ണ ചന്ദ്രൻ ഉണ്ടായിരുന്ന സമയമായിരുന്നു. പ്രകൃതിയിൽ, ചന്ദ്രൻ ഭൂമിയിൽ നിന്നു സൂര്യനെതി രായി വരുമ്പോൾ സൂര്യഗ്രഹണം ഉണ്ടാകാറില്ല. അതുകൊണ്ടു, യേശു വിന്റെ മരണസമയത്തു സംഭവിച്ച ഇരുട്ട് സാധാരണ ഉണ്ടാകാറുള്ള സൂര്യഗ്രഹണം കൊണ്ടാണെന്ന അവകാശം അസ്സാദ്ധ്യമാകുന്നു. അതിൽ കൂടുതലായി, സാധാരണ സൂര്യഗ്രഹണം സാധ്യമായാൽ പോലും, അതു മൂന്നു മണിക്കൂർ ഉണ്ടാകുകയില്ല. ഒരു അന്യദേവനെ വണങ്ങിയിരുന്ന റോമൻ ജ്യോതിശാസ്ത്രജ്ഞൻ ഫ്ലോഗോൺ അൽബെർട്ട് ബെർനെസ് ഉദ്ധരിച്ചു ടൈബീരിയസിന്റെ വാഴ്ച്ചയുടെ പതിനാലാം ആണ്ടിൽ “മുൻപു ണ്ടായിട്ടില്ലാത്ത വലിയ സൂര്യഗ്രഹണം സംഭവിക്കുകയും പകൽ രാത്രി യായി നക്ഷത്രങ്ങൾ പ്രത്യക്ഷമാവുകയും ചെയ്തു.”[2]

ചരിത്രത്തിലെ ദു:സംഭവസമയത്ത്, ദൈവം സൂര്യപ്രകാശത്തിന്റെ സന്തോഷം അത്ഭുതകരമായി നീക്കികളഞ്ഞു, തന്റെ ലോകത്തിന്മേലുള്ള ദു:ഖം പ്രകടമാക്കി. ഉച്ച മുതൽ മൂന്നു മണിവരെ, സ്വർഗ്ഗത്തിന്റെ ദു:ഖ സൂചനയായി കറുത്ത ബാനർ തൂക്കി.

**ക്രൂശ്**

ക്രൂശിന്റെ ആകൃതി “X” (*ക്രൂശ് ഡെക്യസാറ്റ*, “സെന്റ് ആൻഡ്രൂസിന്റെ ക്രൂശ്”), ഒരു “T” (*ക്രൂശ് കമ്മീശാ*,” “സെന്റ് ആന്റണിയുടെ ക്രൂശ്), ഒരു “†” കുത്തനെയുള്ള തടി മുകളിൽ വിലങ്ങനെവരുന്നതിനു മുകളിലേക്കു തള്ളിനില്ക്കും (*ക്രൂശ് ഇമ്മിസ്സാ*), അല്ലെങ്കിൽ ഒരു “I” (*ക്രൂശ് സിമ്പ്ലെക്സ്*), എന്നെല്ലാം വിപുലമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പിലാത്തൊസിന്റെ മേലെഴുത്തു പലകയിൽ (മൂന്നു പ്രാവശ്യം പല വാക്കുകൾ എഴുതി) യേശു വിന്റെ തല മുകളിൽ വരേണ്ടതിനു കുത്തനെയുള്ള തടി അത്രയും നീണ്ടു നില്ക്കണം, അതു *ക്രൂശ് ഇമ്മിസായോ* അല്ലെങ്കിൽ *ക്രൂശ് സിമി പ്ളെക്സോ* ആകാം പൊതുവിലുള്ള അഭിപ്രായം അനുസരിച്ചു, അത് ക്രൂശ് ഇമ്മിസ്സാ ആയിരുന്നു.

യേശുവിന്റെ ശരീരം താങ്ങുവാനായി ഒരു മുകളിലേക്കു നീണ്ടു നില്ക്കുന്നുണ്ടായിരുന്നു എന്നു ചില ആളുകൾ കരുതുന്നുണ്ട്, അതിനു സാധ്യത കുറവാണ്. അവനെ ഉപദ്രവിച്ചവർ അവന്റെ ശരീരത്തിന്റെ ഭാര മെല്ലാം കൈകളിൽ തറച്ച ആണികളിൽ തൂങ്ങണമെന്നതിൽ സന്തോഷി ക്കുന്നവരായിരുന്നു.

**ഏലി - ഏലിയാസ്**

“ഏലി, ഏലി,” എന്നു യേശു നിലവിളിച്ചപ്പോൾ (“എന്റെ ദൈവമേ, എന്റെ ദൈവമേ”), അടുത്തു നില്ക്കുന്ന ചിലർ വിചാരിച്ചത് അവൻ പറഞ്ഞതു, “ഏലിയാസ്, ഏലിയാസ്,” (ഏലിയാവ്, ഏലിയാവ്) എന്ന ത്രേ. യേശു അത്യുച്ചത്തിലാണ് നിലവിളിച്ചതെങ്കിലും അവന്റെ ശബ്ദം അവ്യക്തമായിരുന്നു. അരുകിൽ നില്ക്കുന്നവരുടെ തെറ്റുകൾ ഉയർന്നു

“ഭാഷയുടെ അജ്ഞതയായിരുന്നില്ല, യേശുവിന്റെ അസ്പഷ്ടമായ ഉച്ചാരണം നിമിത്തം ആയിരുന്നു” എന്ന് ജെ.ഡബ്ലിയു മെക്ക്ഗാർവെ പറഞ്ഞു.[3] ഏതാണ്ട് ആറുമണിക്കൂറോളം യേശു ക്രൂശിൽ കിടന്നിരുന്നതു കൊണ്ട് അതു വാസ്തവമാകാം. അവന്റെ സംസാരം അസ്പഷ്ടമാക്കിയതു, രക്തം വാർന്നു പോയതും, നെഞ്ചിലെ പേശികളുടെ വലിവും കൈകൾ നീട്ടുവാൻ പറ്റാത്തതും കാരണമായേക്കാം.

**രക്തവും വെള്ളവും**

ഡബ്ലിയു റോബെർട്ട്സൺ നിക്കോൾ പറഞ്ഞു യേശുവിന്റെ വശത്തു കുത്തിയ കുന്തം ഒരു പക്ഷെ, ഇരുമ്പു കൊണ്ടുള്ള മുട്ടയുടെ ആകൃതിയും ഒരു മനുഷ്യന്റെ കൈയ്യുടെ വീതിയുള്ള ഒരു *ലോഗ്ക്കെ* ആയിരിക്കാം[4] ആൽബെർട്ട് ബർനെസ് പറഞ്ഞതു യേശുവിനെ കുത്തിയപ്പോൾ വെള്ളവും രക്തവും വരുവാൻ കാരണം ഹൃദയാവരണത്തിൽ കുത്തു കൊണ്ടതുകൊണ്ടാണ് എന്നാണ്: “[ഹൃദയാവരണം] എന്ന ഈ ചർമ്മത്തിൽ ഒരു സെറസ്വസ്തു ... വെള്ളം പോലെയുള്ളത്, ഹൃദയത്തെ അതു നിരന്തരമായ പ്രവർത്തനത്താൽ ഉണങ്ങിപ്പോകാതെ സൂക്ഷിക്കുന്നു.”[5]

ക്രിസ്തുവിന്റെ മരണത്തിന്റെ ഭൗതികകാരണം എന്ന പുസ്തകത്തിൽ ഡോക്ടർ. വില്ല്യം സ്ട്രൗഡ് തികച്ചും വ്യത്യസ്തമായ ഒരു സിദ്ധാന്തം പറഞ്ഞിരിക്കുന്നു. സ്ട്രൗഡ് പറഞ്ഞതനുസരിച്ചു, കുന്തം കൊണ്ടുള്ള – കുത്തലിനു മുൻപു തന്നെ സ്വാഭാവിക സ്ഫോടനത്താൽ, അക്ഷരികമായി, ഹൃദയം നുറുങ്ങി യേശു മരിച്ചിരുന്നു. സ്ട്രൗഡിന്റെ സിദ്ധാന്തപ്രകാരം സ്വാഭാവിക സ്ഫോടനത്തെ തുടർന്നു ഹൃദയാവരണ ചർമ്മത്തിലേക്കു രക്തസ്രവം ഉണ്ടായപ്പോൾ സംഭവിച്ചു. കുന്തത്താൽ ഹൃദയാവരണ ചർമ്മത്തിൽ കുത്തേറ്റപ്പോൾ രക്തത്തിലെ കൂടുതൽ ഖരരൂപത്തിലുള്ളതും വേർപിരിഞ്ഞു. എങ്ങനെ കുന്തം, ഒരു *ലോഗ്ക്കേ*, യേശുവിന്റെ വാരി എല്ലുകൾ മുറിക്കാതെ പ്രവേശിച്ചു? ഒരു പക്ഷെ വാരി എല്ലുകൾക്ക് കീഴിലൂടെ മുകളിലേക്കു കുത്തിയതാകാം.

## ക്രൂശിന്റെ ഉറപ്പിക്കൽ

**സ്വതന്ത്രവിവരണങ്ങൾ**

*ക്രൂശിക്കപ്പെട്ട സമയം* മർക്കൊസ് 15:25–33 സൂചിപ്പിക്കുന്നതു, ആറാം മണി നേരമായപ്പോഴേക്ക് യേശു ക്രൂശിലായിട്ടു മൂന്നു മണിക്കൂർ ആയി എന്നാണ് ചിലർ പറയുന്നത്. ആറാം മണി നേരത്തു യേശു പിലാത്തൊസിന്റെ കോടതിയിലായിരുന്നു എന്നു യോഹന്നാൻ 19:14 പറയുന്നു. എങ്ങനെയായാലും, ഒരാൾ യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നതു റോമൻ സമയമാണെന്നും (യോഹന്നാൻ 20:19 സൂചിപ്പിക്കുന്നത്) മർക്കൊസ് ഉപയോഗിച്ചതു യെഹൂദസമയമാണെന്നും മനസിലാക്കിയാൽ, ബുദ്ധിമുട്ടുണ്ടാകയില്ല. രാവിലെ ആറുമണിക്ക് യേശു പിലാത്തൊസിന്റെ കോടതിയിലാണ്, ക്രൂശിലേറ്റിയത് ഏതാണ്ട് ഉച്ചക്ക് (യെഹൂദന്മാരുടെ ആറാം മണിനേരം) അപ്പോഴേക്കു അവൻ ക്രൂശിലായിട്ട് മൂന്നു മണിക്കൂറായി മർക്കൊസിന്റെയും യോഹന്നാന്റെയും സുവിശേഷ വിവരണങ്ങളിൽ

വൈപരീത്യം ആടങ്ങിയിട്ടില്ല. മറിച്ചു, ആ വിത്യാസം വ്യക്തമാകുന്നതു രണ്ടു പുസ്തകങ്ങളും അന്യോന്യം സ്വതന്ത്രമായിരിക്കുന്നു എന്നാണ്.

*പുളിച്ച വീഞ്ഞും കണ്ടിവെണ്ണയും.*യേശുവിനു മരിക്കുന്നതിനു മുൻപു കുടിക്കുവാൻ കയ്പു കലർത്തിയിരുന്നു എന്നു മത്തായിയും, മർക്കൊസ്, കണ്ടിവെണ്ണയും ആയിരുന്നു എന്നുള്ള വൈപരിത്യമായി ചിലർ വിചാരിക്കുന്നു. എങ്ങനെയായാലും, ആറു മണിക്കൂർ തൂങ്ങിക്കിടക്കുമ്പോൾ, ഒന്നിലധികം വീഞ്ഞു - മിശ്രിതം യേശുവിനു കുടിക്കുവാൻ കൊടുത്തിരിക്കാം. വാസ്തവത്തിൽ, യോഹന്നാൻ 19:28-30ൽ നിന്നും, യേശു മരിക്കുന്നതിനു മുൻപു വിനാഗിരി കലർന്ന, വീഞ്ഞു കുടിപ്പാൻ യേശുവിനുനല്കിയിരുന്നു.

മത്തായിയും മർക്കൊസും ഒരേ സംഭവമാണ് വിവരിക്കുന്നതെങ്കിൽ പോലും, അതിൽ വൈപരീത്യം ഉണ്ടെന്നു കരുതേണ്ട ആവശ്യം ഇല്ല. “പുളിച്ച വീഞ്ഞ്” ഉദ്ദേശിക്കുന്നത് കയ്പ്പുനീരിനെയാണ്. കണ്ടിവെണ്ണയുടെ രുചിയും, കയ്പു നിറഞ്ഞതും തന്നെയാണ് അറബി വാക്കായ ദുർ (“കയ്പു”) എന്നതിൽ നിന്നാണ് നമ്മുടെ ഇംഗ്ലീഷ് വാക്കായ “മിർ” രൂപപ്പെട്ടത്.

പുളിച്ച വീഞ്ഞിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട് എന്നു മത്തായി പറയുന്നില്ല. മർക്കൊസ്, കൂടുതൽ പ്രത്യേകമായി അതിൽ കയ്പുള്ള കണ്ടിവെണ്ണയും അടങ്ങിയിരുന്നതായി പറയുന്നു. മത്തായിയിലും മർക്കൊസിലും, വ്യത്യസ്തത കാണുന്നതിനു പകരം അതിലെ വ്യത്യാസം രണ്ടു പുസ്തകങ്ങളുടേയും സ്വതന്ത്രഘടന കാണുകയാണ് വേണ്ടത്.

*നാലുമേലെഴുത്തുകൾ.* യേശുവിന്റെ തലക്കു മീതെ പിലാത്തൊസ് എഴുതിയ മേലെഴുത്തു ഓരോ സുവിശേഷ എഴുത്തുകാരും വ്യത്യസ്ത വെർഷനിൽ എഴുതിയതുകൊണ്ട്, ചിലർ അതിനെ വിമർശിച്ചിട്ടുണ്ട്. എങ്ങനെയായാലും, പ്രസ്താവനകൾ തർജ്ജിമ ചെയ്തതു വിവിധ രീതിയിലാണെങ്കിലും അവ ശരിയാണ്. ഒരേ പ്രസ്താവന മൂന്നു വിവിധ ഭാഷകളിൽ എഴുതിയാൽ (അക്ഷരികമായി) ഒന്നു തന്നെ ആയിരിക്കയില്ല. അതുകൊണ്ട് സുവിശേഷ എഴുത്തുകാരെല്ലാം ഒരേ പ്രസ്താവന തന്നെയാണ് എഴുതിയതു എന്നതിൽ സംശയമില്ല. അർത്ഥത്തിൽ, അവയെല്ലാം ഒന്നു തന്നെ: “യെഹൂദന്മാരുടെ രാജാവു” നാലുമേലെഴുത്തുകളും സുവിശേഷകന്മാർ എഴുതിയത് എന്നതാകുന്നതിനു പകരം, പിന്നെ, അവ തെളിയിക്കുന്നത് അവ ശക്തവും സ്വതന്ത്രവുമായ, വിശ്വസനീയ എഴുത്തുകൾ ആണെന്നാണ്.

*ദൈവാലയത്തെ നശിപ്പിക്കൽ.* അതുപോലെ എഴുത്തുകളിൽ സ്വതന്ത്രവും വിശ്വസനിയവുമെന്നു തെളിയിക്കുന്നതു നിന്ദാവാക്കിലുമുണ്ട്. “മന്ദിരം പൊളിച്ചു മൂന്നു നാൾ കൊണ്ടു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക” (മത്തായി 27:40). ക്രൂശിലേക്കുതൊടുത്തുവിട്ടി ഈ പരഹാസ്യവാക്ക് മത്തായിയും മർക്കൊസും രേഖപ്പെടുത്തി, യോഹന്നാൻ രേഖപ്പെടുത്തിയില്ല. യേശു മുമ്പു പറഞ്ഞതിനെ ച്ചൊല്ലി ആയിരുന്നു അവരുടെ കുത്തുവാക്ക് എന്നാൽ യേശു മത്തായിയിലും മർക്കൊസിലും പറഞ്ഞതു പരിശോധിച്ചാൽ അതു വെറുതെ എന്നു ബോധ്യമാകും. അവനെ ക്രൂശിൽ തറച്ചപ്പോൾ യോഹന്നാൻ രേഖപ്പെടുത്തിയില്ലെങ്കിലും

മൂന്നു വർഷങ്ങൾക്കു മുൻപു യേശു പറഞ്ഞതു യോഹന്നാൻ 2:19ലുണ്ട്.

**പ്രവചനത്തിന്റെ തീർച്ചയുളള വാക്ക്**

പുതിയനിയമ എഴുത്തുകാർ ഉപയോഗിച്ച സുവിശേഷങ്ങൾ മുഖ്യ മായി ഉറപ്പിക്കുന്നതാണ് മുന്നറിയിച്ച സംഭവങ്ങളുടെ നിവർത്തീകരണം. ക്രൂശിൽ തറെക്കുന്നതിനെ കുറിച്ചു പതിനൊന്നു പ്രവചനങ്ങൾ നാം കാണുന്നുണ്ട്, അവയിൽ ചിലതു നാം ചർച്ച ചെയ്തതാണ്:

1. അവൻ മിണ്ടാതിരിക്കും (യെശയ്യാവു 53:7; യോഹന്നാൻ 18:8; 1 പത്രൊസ് 2:23, 24)
2. മരണവിധം (സങ്കീർത്തനങ്ങൾ 22:16; സെഖര്യാവു 12:10; യോഹ ന്നാൻ 12:32, 33; കൂടാതെ 18:31, 32; 19:37)[6]
3. അതിക്രമക്കാരോടു കൂടെ (യെശയ്യാവു 53:12; മർക്കൊസ് 18:28)
4. വസ്ത്രങ്ങൾ പകുത്തെടുത്തു (സങ്കീർത്തനങ്ങൾ 22:18; യോഹന്നാൻ 19:23-25)[7]
5. അതിക്രമക്കാർക്കു ഇട നിന്നു (യെശയ്യാവു 53:12; ലൂക്കൊസ് 23:34)
6. ആശ്ചര്യ ശബ്ദം (സങ്കീർത്തനങ്ങൾ 22:1; മത്തായി 27:46)
7. കുത്തു വാക്ക് സൂചനകൾ (സങ്കീർത്തനങ്ങൾ 22:7, 8, മത്തായി 27:39-44)
8. പുളിച്ച വീഞ്ഞ് (സങ്കീർത്തനങ്ങൾ 69:21; മത്തായി 27:34).
9. വിനാഗിരി (സങ്കീർത്തനങ്ങൾ 69:21; യോഹന്നാൻ 19:28-30; കെജെവി)
10. ആത്മാവിന്റെ പ്രശംസ (സങ്കീർത്തനങ്ങൾ 31:5; ലൂക്കൊസ് 23:46)
11. അസ്ഥികൾ ഒന്നും ഒടിഞ്ഞില്ല (സങ്കീർത്തനങ്ങൾ 34:20; യോഹന്നാൻ 19:36)

**ക്രൂശിന്റെ അനന്തര ഫലം**

യേശുവിനെ ക്രൂശിൽ മരക്കുറ്റിയിൽ ആണിയടിച്ചു തറക്കുകയാണ്, രേഖപ്പെടുത്തിയിരിക്കുന്നതു അവർ നിന്ദിക്കപ്പെട്ടു, ത്യജിക്കപ്പെട്ടു, ശിക്ഷിച്ചും അടിച്ചും, ദണ്ഡിപ്പിച്ചും ഇരുന്നു എന്നാണ് (യെശയ്യാവു 53:3-7). അവന്റെ ആത്മാവു പ്രാണവേദനയിലായി. അവനു കയ്പൂനീർ കുടിക്കുവാൻ കൊടുത്തു, അവൻ അതു നിരസിച്ചു. ശമിക്കാത്ത കഠിന വേദന അവൻ സഹിക്കുവാൻ തയ്യാറായി, കാരണം മുൻപു അവൻ ചോദി ച്ചിരുന്നു "പിതാവു എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടത ല്ലയോ?" (യോഹന്നാൻ 18:11).

ശാരീരിക വേദനക്കു പുറമെ അവൻ നിന്ദയും പരിഹാസവും ദുർബു ദ്ധിയോടുള്ള നോട്ടം എല്ലാം സഹിച്ചു. മുഴുവൻ അല്ലെങ്കിൽ, അവൻ മിക്ക വാറും നഗ്നനായി ലജ്ജിക്കപ്പെട്ടു പരസ്യമായ ശല്യം അനുഭവിച്ചു. കൂടാ

തെ, മരണവിധം, "ക്രൂശിലെ മരണം" (ഫിലിപ്പിയർ 2:8) അധിക്ഷേപവും അപമാനവും ആയിരുന്നു. കള്ളന്മാരെയും, കുലപാതീകകളെയും പരദേശികളെയും ആയിരുന്നു ക്രൂശിൽ തറച്ചിരുന്നത്.

ശാരീരിക വേദനയും ലജ്ജയും ഉണ്ടായിരുന്നു എങ്കിലും അവനെ കൂടുതൽ വേദനിപ്പിച്ചതു ദൈവം കൈവിട്ടു എന്നു തോന്നിയപ്പോഴായിരുന്നു. ദാഹം കൊണ്ട്, ഉണങ്ങി വരണ്ട ചുണ്ടുകളോടെ അവൻ നിലവിളിച്ചു, ദൈവമേ നീ എന്നെ കൈവിട്ടതെന്ത്? അവൻ പിതാവിനെ എല്ലായ്പ്പോഴും പ്രസാദിപ്പിച്ചതുകൊണ്ട് പിതാവു ഒരിക്കലും അവനെ ഏകനായി വിടില്ല, എന്നാൽ അവനെ ക്രൂശിൽ തറക്കയാൽ എല്ലാം തീർന്നു. ആടായി ആരെയെങ്കിലും അറുക്കപ്പെടണം, ആരെങ്കിലും പാപമായിത്തീരണം. ലോകത്തിന്റെ പാപം മുഴുവൻ ക്രൂശിൽ കിടന്നു യേശു വഹിച്ചപ്പോൾ ദൈവം ആ രംഗത്തിൽ മാറി നില്ക്കേണ്ടി വന്നു. അവന്റെ വിശുദ്ധിക്കും പവിത്രതക്കും പാപത്തെ സഹിക്കാവുന്നതല്ല. ക്രൂശിൽ മരിക്കുന്നവൻ എല്ലാം ദൈവത്താൽ ശപിക്കപ്പെട്ടവൻ (ഗലാത്യർ 3:13). യേശു തന്റെ പ്രാണനെ മരണത്തിനു ഏല്പിച്ചു കൊടുത്തപ്പോൾ പകൽ സൂര്യപ്രകാശത്തെ മാറ്റി അവനെ പാപികൾക്കായി വിട്ടു കളഞ്ഞു.

അവ എല്ലാം സ്വീകരിക്കുവാൻ യേശു നിർബ്ബന്ധിതനായി – വേദന, ലജ്ജ, പാപത്തിന്റെ മൂർത്തീകരണം – അടി കൊള്ളേണ്ടവർക്കു വേണ്ടി ആയിരുന്നു അവയെല്ലാം! അതു ഉപേക്ഷിക്കാൻ കഴിയുമായിരുന്നു; ലെഗ്യോൻ കണക്കിനു ദൂതന്മാരെ അവനു വിളിക്കാമായിരുന്നു. മറ്റുള്ളവരെ രക്ഷിച്ചവനു തന്നെത്താൻ രക്ഷിക്കുവാൻ കഴിഞ്ഞില്ലയോ എന്ന കുത്തു വാക്ക് വാസ്തവമായിരുന്നു; അവനു തന്നെത്താൻ രക്ഷിക്കാമായിരുന്നു. ഒരു പക്ഷെ കുത്തുവാക്ക് പറഞ്ഞവർ അതു വാസ്തവമെന്നു വിചാരിച്ചിരുന്നിരിക്കയില്ല; മറ്റുള്ളവരെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കുവാൻ അവനു തന്നെത്താൻ രക്ഷിക്കാൻ കഴിഞ്ഞില്ല. അവൻ മറ്റുള്ളവർ ജീവിക്കേണ്ടതിനു തന്റെ ജീവനെ നല്കുക എന്നതു അവൻ തിരഞ്ഞെടുത്തു. മറ്റേതെങ്കിലും വഴിയുണ്ടോ എന്നു പിതാവിനോടു ചോദിച്ചു, പുത്രൻ നിമിത്തം മറ്റേതെങ്കിലും മാർഗ്ഗം സാധ്യമായിരുന്നെങ്കിൽ ദൈവം ചെയ്യുമായിരുന്നു – പക്ഷെ മനുഷ്യരോടുള്ള അവന്റെ സ്നേഹം ആദ്യം വന്നു.

താൻ കരുതിയവർക്കു വേണ്ടി വെറുതെ കഷ്ടത ഏല്ക്കുകയല്ല യേശു ചെയ്തതു, ആജ്ഞയിലുള്ളവർക്കും, അകലെയുള്ളവർക്കും, മത്സരികൾക്കും, പാപികൾക്കും, ഇഷ്ടപ്പെട്ടവർക്കും, ഒന്നും ചെയ്യാത്തവർക്കും, ദൈവമില്ലാത്തവർക്കും ഈ ലോകത്തിൽ പ്രത്യാശയില്ലാത്തവർക്കും വേണ്ടിയായിരുന്നു. അതൊരു ഉന്നതമായ സ്നേഹം ആയിരുന്നു; മർത്യവാക്കുകളാൽ അതു വിവരിക്കുക എത്ര പ്രയാസം!

**ഉപസംഹാരം**

ക്രിസ്തുവ ന്റെ ക്രൂശ് ശക്തവും വിജയകരവുമാണ്, എങ്കിലും അതു പ്രയോജനപ്പെടുത്തിയില്ലെങ്കിൽ കാണിച്ച സ്നേഹം പാഴാകും, അതായതു നാം ക്രൂശിക്കപ്പെട്ടില്ലെങ്കിൽ അതു വ്യർത്ഥമാകും. നമ്മുടെ ഭൗമിക ഇഛകൾ നാം വിട്ടു കളഞ്ഞില്ലെങ്കിൽ, യേശുവിന്റെ ക്രൂശിനുപോലും

നമ്മെ രക്ഷിക്കുവാൻ സാധ്യമല്ല. (റോമർ 8:13 നോക്കുക.) പഴയ മനുഷ്യനെ ക്രൂശിക്കാതെ ആഘോഷത്തോടെ സ്നാനത്തിൽ നിന്നു എഴുന്നേറ്റാലും അതു വെറും മായയായിത്തീരും! (റോമർ 6:3–6 നോക്കുക.) ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടവരാണ് വാസ്തവത്തിലുള്ള ക്രിസ്ത്യാനികൾ.

---

കുറിപ്പുകൾ

[1]സി. ജി. വിൽക്കെ ആന്റ് വിലിബാൾഡ് ഗ്രിം, ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്, ട്രാൻസ് ആന്റ് റെവ.ജോസഫ് എച്ച്. തേയർ (എഡിർവെറോ, സ്ക്കോട്ട്ലന്റ്: ടി ടി. ക്ലാർക്ക്, 1901; റീപ്രിന്റഡ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1973), 120. [2]ആൽബെർട്ട് ബെർനസ്, മാത്യു ആന്റ് മാർക്ക്, നോട്ട്സ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (എൻ.പി. 1949; ഗ്രാന്റ് റാപ്പിഡ്സ്: മൈക്ക് ബേക്കർ ബുക്ക് ഹൗസ്, 1974), 312. [3]ജെ.ഡബ്ലിയു. മെക്ഗാർവേ, മാത്യു ആന്റ് മാർക്ക്, ദ ന്യൂ ടെസ്റ്റമെന്റ് കമെന്ററി, വാല്യം 1 (എൻ.പി. 1875; റീപ്രിന്റ്, ആരിക്ക് ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി. എൻ.ഡി.), 246. [4]മാർക്കസ് ഡോഡ്സ്, “ദ ഗോസ്പൽ ഓഫ് സെന്റ് ജോൺ,” ഇൻ ദ എക്സ് പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്, ഇഡി.ഡബ്ലിയു. റോബെർട്ട്സൺ നിക്കോൾ, വാല്യം 1 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1951), 859. 5ആൽബെർട്ട് ബർനസ്, ലൂക്ക് ആന്റ് ജോൺ, നോട്ട്സ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (എൻ.പി.1949, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ബേക്കർ ബുക്ക് ഹൗസ്, 1978), 374. 6യെഹൂദന്മാരുടെ പരമാവധി ശിക്ഷ കല്ലെറിഞ്ഞു കൊല്ലൽ ആണെന്നിരിക്ക യേശുവിനെ ക്രൂശിൽ തറെക്കുക എന്ന പ്രവചനം ശ്രദ്ധേയമായി പരിഗണിക്കേണ്ടതാണ്. 7അവന്റെ വസ്ത്രങ്ങൾ അവർ പകുത്തെടുക്കുകയും അവന്റെ അങ്കിക്കായി അവർ ചീട്ടിടും എന്ന പ്രവചനം കൂടുതൽ പ്രത്യേകമായി വിരൽ ചൂണ്ടുന്നു.

© 2009 Truth for Today